# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

*ഹാജർ : ജെസ്സി ജോസഫ് (പൂർണ്ണ അധികച്ചുമതല)*

വിഷയം :- പൊ.വി. – പാഠപുസ്തകങ്ങളുടെ വില അംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾ ഡിമാന്റ് ഡ്രാഫ്റ്റായി ഒടുക്കുന്നതിനു പകരം ചെല്ലാൻ മുഖാന്തിരം ട്രഷറിയിൽ അടയ്ക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന :-
1. എ2/759/2016/റ്റിബിഒ തീയതി: 29.7.2017.
2. സർക്കാർ കത്ത് നം. 17/എം2/18/പൊ.വി.വ. തീയതി: 15.2.2019.
3. 28.3.2019 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കുറിപ്പ് ഫയൽ ഉത്തരവ്.

**ഉത്തരവ് നം. എ2/843/2018/റ്റിബിഒ തീയതി : .3.2019.**

അംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾ നിലവിൽ അവർ ഇൻഡന്റ് ചെയ്തതിൻ പ്രകാരമുള്ള പാഠപുസ്തകങ്ങളുടെ വില കണക്കാക്കി ഇ–മെയിൽ മുഖാന്തിരം അതാത് സ്കൂളിനെ അറിയിക്കുന്നതിൻ പ്രകാരം തുക ടെക്സ്റ്റുബുക്ക് ആഫീസറുടെ പേർക്ക് ഡിമാന്റ് ഡ്രാഫ്റ്റായി അയക്കുകയും ആയത് ഇൻഡന്റ് ഷീറ്റുമായി പരിശോധിച്ച് റിലീസ് ഓർഡർ നൽകുകയുമാണ് ചെയ്തുവരുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ ടെക്സ്റ്റുബുക്ക് ആഫീസിൽ നിന്നും ചെല്ലാൻ മുഖാന്തിരം സർക്കാർ ഖജനാവിലേക്ക് അടയ്ക്കുകയാണ് ചെയ്യുന്നത്. ടി ഡിമാന്റ് ഡ്രാഫ്റ്റ് ചെല്ലാൻ മുഖാന്തിരം അടയ്ക്കുന്നതിന് ഏകദേശം മൂന്നുനാല് മാസം വരെ വേണ്ടി വരുന്നുണ്ട്. സാങ്കേതികമായ തടസ്സം മൂലമോ മറ്റു തരത്തിലുള്ള പരിമിതികൾ മൂലമോ തുക റവന്യൂ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുന്നതിന് കാലതാമസം വരികയും അതു കാരണം ചില ഡിമാന്റ് ഡ്രാഫ്റ്റുകൾ റീവാലിഡേറ്റ് ചെയ്യേണ്ട സാഹചര്യം സംജാതമാകുന്നുണ്ട്. ചില ബാങ്കുകൾ റീവാലിഡേറ്റ് ചെയ്തു തരുന്നതിന് പകരം പുതിയ ഡി.ഡി. എടുക്കുവാൻ നിർദ്ദേശിക്കുന്നു. ഇക്കാരണത്താൽ ടി തുക സർക്കാർ ഖജനാവിലേക്ക് വരുന്നതിന് താമസം നേരിടുന്നുണ്ട്.

ടി സാഹചര്യത്തിൽ ഡി.ഡി. എടുത്ത് തുക സർക്കാർ ഖജനാവിൽ അടയ്ക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും ട്രഷറിയിൽ ചെല്ലാനടച്ചാൽ നേരിട്ട് തുക സർക്കാർ റവന്യൂ ശീർഷകത്തിൽ ലഭിക്കുന്നതിനാലും 2019–20 അദ്ധ്യയന വർഷം മുതൽ അംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾ അവർക്കാവശ്യമുള്ള പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ചെയ്തത് പ്രകാരമുള്ള തുക കണക്കാക്കി **0202–01–102–95 Receipts on account of sale of Text Books** എന്ന ശീർഷകത്തിൽ ട്രഷറിയിൽ ചെല്ലാൻ മുഖാന്തിരം അടച്ച് അസ്സൽ ചെല്ലാൻ രസീത് ഇൻഡന്റ് ഷീറ്റിനോടൊപ്പം ടെക്സ്റ്റുബുക്ക് ആഫീസർക്ക് സമർപ്പിക്കേണ്ടതാണെന്ന്

Scanned by CamScanner

ഉത്തരവാകുന്നു. ടെക്സ്റ്റുബുക്ക് ആഫീസർ ടി ചെല്ലാൻ രസീത് GRN (General Reference Number) ഉപയോഗിച്ച് genuineness പരിശോധിച്ച ശേഷം റിലീസ് ഓർഡർ അതാത് സ്കൂളുകൾക്ക് ഇ-മെയിൽ മുഖാന്തിരം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ സ്കൂളധികൃതർക്ക് സ്പഷ്ടീകരണം ആവശ്യമുണ്ടെങ്കിൽ ടെക്സ്റ്റുബുക്ക് ആഫീസറുമായി ബന്ധപ്പെട്ട് തീർപ്പാക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**(ഇൻ-ചാർജ്)**

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**

**എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**

**എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**

(അതാത് ജില്ലയിലെ ഭരണ പരിധിയിൽ വരുന്ന
അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളെ അറിയിക്കേണ്ടതാണ്).

**എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം**

(ഇ-മെയിൽ നൽകുമ്പോൾ ഇൻഡന്റ് പ്രകാരമുള്ള തുക കണക്കാക്കി ഡിമാന്റ് ഡ്രാഫ്റ്റിനു പകരം ചെല്ലാൻ അടയ്ക്കണമെന്നുള്ള നിർദ്ദേശം ടി ബഡ്ജറ്റ് റവന്യൂ ശീർഷകമുൾപ്പെടെ രേഖപ്പെടുത്തി നൽകണമെന്ന് അറിയിക്കുന്നു).

പകർപ്പ് :
1. ജനറൽ സെക്രട്ടറി,
   അംഗീകൃത അൺഎയ്ഡഡ് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ,
   സ്റ്റേറ്റ് കമ്മറ്റി, റ്റി.സി. 14/2179, കല്ലുവിളാകം വീട്,
   പവർ ഹെൽത്ത് ക്ലബ്ബിന് എതിർവശം, തിരുവനന്തപുരം-695034
2. പ്രസിഡന്റ്, ശബരിഗിരി എച്ച്.എസ്.എസ്. അഞ്ചൽ, കൊല്ലം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സി.എ.
4. സീനിയർ ഫിനാൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
5. എ സെക്ഷൻ സൂപ്രണ്ട്, പാഠപുസ്തക ആഫീസ്
6. ചെല്ലാൻ & റിലീസ് ഓർഡർ സെക്ഷൻ, പാഠപുസ്തക ആഫീസ്
7. കരുതൽ ഫയൽ

BS1/

Scanned by CamScanner